**Set- A**

# ആത്യന്തിക വിലയിരുത്തൽ III 2025 – 26

## മാതൃകാചോദ്യപേപ്പർ

## ഗണിതം

**ക്ലാസ്** – **10**

**സമയം** : 2½ **മണിക്കൂർ**

**ആകെ സ്കോർ** : 80

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ്, ചോദ്യങ്ങൾ വായിച്ച് മനസിലാക്കാനും, ഉത്തരങ്ങളെക്കുറിച്ച് ചിന്തിക്കാനും ഉപയോഗിക്കുക.
- A, B, C, D, E എന്ന അഞ്ച് ഭാഗങ്ങളിലായി 28 ചോദ്യങ്ങളാണുള്ളത്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. “A അല്ലെങ്കിൽ B” എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ചോദ്യങ്ങൾക്ക് ഏത് ക്രമത്തിലും ഉത്തരങ്ങൾ എഴുതാം; ചോദ്യത്തിന്റെ നമ്പർ കൃത്യമായി എഴുതിയാൽ മതി.
- ത്രികോണമിതി അളവുകൾ ചോദ്യപേപ്പറിന്റെ അവസാനപേജിൽ നൽകിയിട്ടുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ ഉപയോഗിക്കേണ്ടതാണ്.
- ആവശ്യമുള്ള സ്ഥലങ്ങളിൽ ഉത്തരങ്ങൾ വിശദീകരിക്കണം.

© State Assessment Cell - SCERT Kerala

## Section – A

**ഒരു സ്കോർ വീതമുള്ള 8 ചോദ്യങ്ങളാണ് ഈ വിഭാഗത്തിലുള്ളത്. ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. 2, 5, 8, ... എന്ന സമാന്തരശ്രേണിയിലെ പദമായത് ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏത് സംഖ്യയാണ്?

   **A.** 22
   **B.** 32
   **C.** 42
   **D.** 52

2. ഒരു പരീക്ഷയിൽ 8 കുട്ടികൾക്ക് കിട്ടിയ സ്കോറുകൾ താഴെ കൊടുത്തിരിക്കുന്നു.

   30, 36, 41, 44, 28, 33, 44, 40

   മധ്യമ സ്കോർ എത്രയാണ്?

   **A.** 36
   **B.** 44
   **C.** 40
   **D.** 38

3. (2,5) എന്ന ബിന്ദുവിലൂടെ $x$ - അക്ഷത്തിന് സമാന്തരമായി ഒരു വര വരക്കുന്നു. ചുവടെ കൊടുത്തിരിക്കുന്ന ഏത് ബിന്ദുവിലൂടെയാണ് ഈ വര കടന്നുപോകുന്നത്?

   **A.** (0, 5)
   **B.** (2, 0)
   **C.** (5, 0)
   **D.** (5, 2)

4. ഒരു ഗോളത്തിന്റെ ഉപരിതലപരപ്പളവ് 40 ചതുരശ്രസെന്റിമീറ്ററാണ്. ഈ ഗോളം മുറിച്ച് രണ്ട് തുല്യ അർധഗോളങ്ങൾ ആക്കിയാൽ ഒന്നിന്റെ ഉപരിതല പരപ്പളവ് എത്ര ചതുരശ്രസെന്റി മീറ്ററായിരിക്കും?

   **A.** 10
   **B.** 20
   **C.** 30
   **D.** 40

5. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതരൂപം $x_n = 4n+1$ ആണ്. ഈ ശ്രേണിയിലെ 10-ാം പദത്തിനെക്കാൾ എത്ര കൂടുതലാണ് 15-ാം പദം?

   **A.** 5
   **B.** 4
   **C.** 41
   **D.** 20

6. $p(x) = x^2 - 6x + 8$ എന്ന ബഹുപദത്തിന്റെ ചിത്രം $x$ - അക്ഷത്തെ മുറിച്ചുകടക്കുന്ന ബിന്ദുക്കളുടെ $x$ - സൂചകസംഖ്യകൾ ഏതൊക്കെയാണ്?

   **A.** 2, 4
   **B.** 4, 6
   **C.** -2, 8
   **D.** -2, -4

7. ഒരു വരയുടെ സമവാക്യം $2x–y = 0$ ആണ്. ഈ വരയെക്കുറിച്ചുള്ള ചിലകാര്യങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.


   i) (1,2) ഈ വരയിലെ ബിന്ദുവാണ്
   ii) (2,1) ഈ വരയിലെ ബിന്ദുവാണ്
   iii) ഈ വര $x$ അക്ഷത്തെ മുറിക്കുന്ന ബിന്ദു (1,0) ആണ്
   iv) ഈ വരയിലെ ഏതു ബിന്ദുവിന്റേയും x- സൂചകസംഖ്യയുടെ 2 മടങ്ങാണ് $y$ - സൂചക സംഖ്യ

   ചുവടെ പറഞ്ഞിരിക്കുന്നവയിൽ ഏതാണ് ശരി?

   **A.** (i), (iii) ശരിയാണ്
   **B.** (i), (iv) ശരിയാണ്
   **C.** (ii), (iii) ശരിയാണ്
   **D.** (ii), (iv) ശരിയാണ്

© State Assessment Cell - SCERT Kerala

8. ചുവടെയുള്ള രണ്ട് പ്രസ്താവനകൾ വായിക്കുക.




**പ്രസ്താവന** 1 : കോണുകൾ 50°, 60°, 70° ആയ ഒരു ത്രികോണത്തിന്റെ വശങ്ങളുടെ അംശബന്ധം sin 50°: sin 60° : sin 70° ആണ്.

**പ്രസ്താവന** 2 : ത്രികോണത്തിന്റെ ഒരു വശത്തിന്റെ നീളം അതിന്റെ എതിർകോണിന്റെ sine നെ പരിവൃത്ത വ്യാസം കൊണ്ട് ഗുണിച്ചതാണ്.

ഇനി താഴെ പറഞ്ഞിരിക്കുന്നവയിൽ ശരിയാണ് കണ്ടുപിടിക്കുക

**A.** പ്രസ്താവന 1 ശരിയാണ്, പ്രസ്താവന 2 തെറ്റാണ്.


**B.** പ്രസ്താവന 1 തെറ്റാണ്, പ്രസ്താവന 2 ശരിയാണ്.

**C.** പ്രസ്താവന 1 ഉം പ്രസ്താവന 2 ഉം ശരിയാണ്. പ്രസ്താവന 1 ന്റെ കാരണമാണ് പ്രസ്താവന 2.

**D.** പ്രസ്താവന 1 ഉം പ്രസ്താവന 2 ഉം ശരിയാണ്. പ്രസ്താവന 1 ന്റെ കാരണമല്ല പ്രസ്താവന 2.

© State Assessment Cell - SCERT Kerala

## Section – B




9. ചിത്രത്തിൽ *O* വൃത്തകേന്ദ്രമാണ്. ചിത്രത്തിൽ കണ്ണടച്ചൊരു കുത്തിട്ടാൽ കറുപ്പിച്ച ഭാഗത്താകാനുള്ള സാധ്യത എന്ത്? (2)

10. ഒരു സമാന്തരശ്രേണിയുടെ അഞ്ചാം പദം 70 ഉം ഒമ്പതാം പദം 50 ഉം ആണ്.

(i) ഈ ശ്രേണിയിൽ സ്ഥാനം ഓരോന്നു കൂടുമ്പോൾ പദം എത്ര കുറയും? (1)

(ii) ഈ ശ്രേണിയിലെ എത്രാമത്തെ പദമാണ് 0? (2)

11. **A.** 2, 3, 5 എന്നീ അക്കങ്ങൾ എഴുതിയ മൂന്ന് കാർഡുകൾ ഉപയോഗിച്ച് മൂന്നക്ക സംഖ്യകൾ ഉണ്ടാക്കുന്നു.

(i) ഇത്തരം എത്ര സംഖ്യകളുണ്ടാക്കാം? (1)

(ii) ഇങ്ങനെ ഉണ്ടാക്കുന്ന ഒരു സംഖ്യ ഇരട്ടസംഖ്യയാകാനുള്ള സാധ്യത എന്താണ്? (1)

(iii) 5 ന്റെ ഗുണിതമാകാനുള്ള സാധ്യത എന്താണ്? (1)

**അല്ലെങ്കിൽ**

**B.** ഒരു പെട്ടിയിൽ 6 കറുത്ത മുത്തുകളും 4 വെളുത്ത മുത്തുകളും ഉണ്ട്. മറ്റൊരു പെട്ടിയിൽ 7 കറുത്ത മുത്തുകളും 8 വെളുത്ത മുത്തുകളും ഉണ്ട്.

(i) ഒരു പെട്ടിയിൽ നിന്നും ഒരു മുത്തു വീതം എത്ര തരത്തിൽ എടുക്കാം? (1)

(ii) രണ്ടും കറുത്ത മുത്തുകളാകാനുള്ള സാധ്യതയെന്താണ്? (1)

(iii) ഒന്നെങ്കിലും വെളുത്തതാകാനുള്ള സാധ്യതയെന്താണ്? (1)

12. **A.** ഒരു സമാന്തരശ്രേണിയുടെ രണ്ടാം പദം 5 ഉം ആദ്യത്തെ 6 പദങ്ങളുടെ തുക 60 ഉം ആണ്.

(i) 2-ാം പദത്തിന്റെയും 5-ാം പദത്തിന്റെയും തുകയെത്രയാണ്? (1)

(ii) 5-ാം പദമെത്രയാണ്? (1)

(iii) ആദ്യത്തെ 15 പദങ്ങളുടെ തുകയെത്രയാണ്? (2)

**അല്ലെങ്കിൽ**

**B.**

(i) 10 കൊണ്ട് ഹരിച്ചാൽ മിച്ചം 3 അല്ലെങ്കിൽ 8 കിട്ടുന്ന എണ്ണൽ സംഖ്യകളുടെ ശ്രേണി എഴുതുക. (1)

(ii) ഈ ശ്രേണിയിലെ ഏതു പദത്തിനെയും 5 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന മിച്ചം എന്താണ്? (1)

(iii) ഈ ശ്രേണി, സമാന്തരശ്രേണിയാണെന്ന് സമർഥിക്കുക. (2)

13. 49 ആളുകളെ ഭാരം അനുസരിച്ച് തരം തിരിച്ച പട്ടിക ചുവടെ കൊടുത്തിരിക്കുന്നു.

| ഭാരം (കി.ഗ്രാം) | ആളുകളുടെ എണ്ണം |
|---|---|
| 30-40 | 5 |
| 40-50 | 7 |
| 50-60 | 9 |
| 60-70 | 10 |
| 70-80 | 10 |
| 80-90 | 8 |
| ആകെ | 49 |

ഇവരെ ഭാരത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ചാൽ,

© State Assessment Cell - SCERT Kerala

(i) എത്രാമത്തെ ആളുടെ ഭാരമാണ് മധ്യമ ഭാരമായി കണക്കാക്കുന്നത്? (1)

(ii) മധ്യമം കണക്കാക്കുന്ന സങ്കല്പമനുസരിച്ച് 22-ാം ആളുടെ ഭാരമെത്രയായിട്ടാണ് എടുക്കുന്നത്? (3)

(iii) മധ്യമ ഭാരം കണക്കാക്കുക (1)


## <u>Section – C</u>

14. ഒരു വൃത്തത്തിന്റെ കേന്ദ്രം (2,1) ഉം അതിലെ ഒരു ബിന്ദു (8,9) ഉം ആണ്

(i) വൃത്തത്തിന്റെ ആരം കണക്കാക്കുക (2)

(ii) വൃത്തത്തിന്റെ സമവാക്യം എഴുതുക (1)

15. ചിത്രത്തിൽ *ABCD* ചതുരമാണ്. അതിന്റെ വശങ്ങൾ അക്ഷങ്ങൾക്ക് സമാന്തരമാണ്.





(i) *B, D* എന്നീ മൂലകളുടെ സൂചകസംഖ്യകൾ എഴുതുക (2)

(ii) *AB* യുടെ നീളം കണക്കാക്കുക (1)

(iii) *AC* യുടെ നീളം കണക്കാക്കുക (1)

16. **A.** ചിത്രത്തിൽ *ABCD* ഒരു സാമാന്തരികമാണ്.




(i) *C* യുടെ സൂചകസംഖ്യകൾ കണക്കാക്കുക (1)


(ii) വികർണ്ണം *AC* യുടെ ചരിവ് കണക്കാക്കുക (1)

(iii) *A, C* ഇവയിലൂടെ കടന്നു പോകുന്ന വരയുടെ സമവാക്യം എഴുതുക. (2)

(iv) ഈ വര ആധാരബിന്ദുവിലൂടെ കടന്നു പോകുമോ? എന്ത്കൊണ്ട്? (1)

**അല്ലെങ്കിൽ**

**B.** ചിത്രത്തിൽ *ABC* എന്ന ത്രികോണത്തിന്റെ വശങ്ങളുടെ മധ്യബിന്ദുക്കളാണ് *P,Q,R*.




(i) *P, Q* എന്നിവയുടെ സൂചകസംഖ്യകൾ കണക്കാക്കുക (2)

(ii) *PR* , *AQ* എന്നീ വരകൾ മുറിച്ചു കടക്കുന്ന ബിന്ദുവിന്റെ സൂചകസംഖ്യകൾ കണ്ടുപിടിക്കുക (1)

(iii) *PQR* എന്ന ത്രികോണത്തിന്റെ മധ്യമ കേന്ദ്രം കണക്കാക്കുക (2)

© State Assessment Cell - SCERT Kerala

## Section – D

17. ഒരു മട്ടത്രികോണത്തിന്റെ ലംബവശങ്ങളിൽ ഒരെണ്ണം രണ്ടാമത്തതിനേക്കാൾ 6 സെന്റിമീറ്റർ കൂടുതലാണ്. ത്രികോണത്തിന്റെ പരപ്പളവ് 56 ചതുരശ്ര സെന്റിമീറ്ററാണ്.

    (i) ഈ വിവരങ്ങൾ ഒരു രണ്ടാംകൃതി സമവാക്യമായി എഴുതുക. (1)

    (ii) ചെറിയ വശത്തിന്റെ നീളം കണക്കാക്കുക. (2)

18. താഴെ കൊടുത്തിരിക്കുന്ന സമാന്തരശ്രേണികൾ നോക്കുക.

    ശ്രേണി 1: 5, 8, 11, …

    ശ്രേണി 2: 4, 7, 10, …

    (i) ആദ്യത്തെ ശ്രേണിയിലെ പദങ്ങളെയെല്ലാം 3 കൊണ്ടു ഹരിച്ചാൽ കിട്ടുന്ന മിച്ചം എത്രയാണ്? (1)

    (ii) രണ്ടാമത്തെ ശ്രേണിയിലെ പദങ്ങളെയെല്ലാം 3 കൊണ്ടു ഹരിച്ചാൽ കിട്ടുന്ന മിച്ചം എത്രയാണ്? (1)

    (iii) ആദ്യത്തെ ശ്രേണിയിലെ പദങ്ങളുടെയെല്ലാം വർഗം രണ്ടാമത്തെ ശ്രേണിയിലെ പദങ്ങളാണെന്ന് തെളിയിക്കുക. (2)

19. **A.** ഒരു സമാന്തര ശ്രേണിയുടെ ആദ്യത്തെ $n$ പദങ്ങളുടെ തുക $2n^2+3n$ ആണ്.

    (i) ആദ്യത്തെ അഞ്ച് പദങ്ങളുടെ തുക എത്രയാണ്? (1)

    (ii) ഈ ശ്രേണിയിലെ ആദ്യത്തെ എത്ര പദങ്ങളുടെ തുകയാണ് 324? (3)

**അല്ലെങ്കിൽ**


**B.** (i) 4, 12, 20, … എന്ന സമാന്തരശ്രേണിയിലെ ആദ്യത്തെ പദം മുതൽ തുടർച്ചയായ എത്ര പദങ്ങൾ കൂട്ടിയാലും തുക പൂർണവർഗമായിരിക്കും എന്നു തെളിയിക്കുക. (3)

(ii) ആദ്യത്തെ പദം മുതൽ തുടർച്ചയായ എത്ര പദങ്ങൾ കൂട്ടിയാലും തുക പൂർണവർഗമാകുന്ന മറ്റൊരു സമാന്തരശ്രേണി എഴുതുക. (1)

## Section – E

20. ചിത്രത്തിൽ $O$ കേന്ദ്രമായ വൃത്തത്തിനുള്ളിലെ $P$ എന്ന ബിന്ദുവിലൂടെയുള്ള ഒരു ഞാൺ ആണ് $AB$. വൃത്തത്തിന്റെ ആരം എത്രയാണ്?


    (2)




© State Assessment Cell - SCERT Kerala

21. ആധാരബിന്ദു കേന്ദ്രമായ വൃത്തം $x$ അക്ഷത്തെ മുറിച്ചുകടക്കുന്ന ബിന്ദുവാണ് $A$. വൃത്തത്തിലെ മറ്റൊരു ബിന്ദു $C(1,1)$ ആണ്. $OABC$ എന്ന സാമാന്തരികത്തിന്റെ പരപ്പളവ് കണക്കാക്കുക.


(3)




22. ചിത്രത്തിൽ, $A$, $B$, $C$, $P$ എന്നിവ വൃത്തത്തിലെ ബിന്ദുക്കളാണ്. $AC=BC$ ആണ്. $B$ യിലെ തൊടുവര യാണ് $BT$. താഴെപ്പറയുന്ന കോണുകൾ കണക്കാക്കുക.

(i) $\angle ACB$ (1)

(ii) $\angle CBT$ (2)




© State Assessment Cell - SCERT Kerala

23. **A.** ഒരു കെട്ടിടത്തിന്റെ മുകളറ്റം ഒരു കുട്ടി $35^{o}$ മേൽകോണിൽ കാണുന്നു. 10 മീറ്റർ മുന്നോട്ട് നടന്നതിനുശേഷം നോക്കിയപ്പോൾ, കെട്ടിടത്തിന്റെ മുകൾഭാഗം $70^{o}$ മേൽകോണിലാണ് കണ്ടത്.

(i) തന്നിരിക്കുന്ന വസ്തുതകളെ അടിസ്ഥാനമാക്കി ഏകദേശ ചിത്രം വരയ്ക്കുക. (1)

(ii) കെട്ടിടത്തിന്റെ ഉയരം കണക്കാക്കുക (3)

**അല്ലെങ്കിൽ**

**B.** നിരപ്പായ പ്രദേശത്തെ രണ്ട് കെട്ടിടങ്ങൾ തമ്മിലുള്ള അകലം 15 മീറ്റർ ആണ്. ചെറിയ കെട്ടിടത്തിന്റെ മുകളിൽ നിൽക്കുന്ന ഒരാൾ വലിയ കെട്ടിടത്തിന്റെ ചുവട് $30°$ കീഴ്കോണിലും മുകളറ്റം $40°$ മേൽകോണിലും കാണുന്നു.


(i) തന്നിരിക്കുന്ന വസ്തുതകളെ അടിസ്ഥാനമാക്കി ഏകദേശം ചിത്രം വരയ്ക്കുക (1)

(ii) വലിയ കെട്ടിടത്തിന്റെ ഉയരം കണക്കാക്കുക. (3)

24. **A. (I)** $ABC$ എന്ന ത്രികോണത്തിലെ അന്തർവൃത്തം വശങ്ങളെ $P$, $Q$, $R$ എന്നീ ബിന്ദുക്കളിൽ തൊടുന്നു.


(i) $AP$ യുടെ നീളം $x$ എന്നെടുത്ത് $BQ$, $CR$ ഇവയുടെ നീളം എഴുതുക. (1)

(ii) $AP$ യുടെ നീളം കണക്കാക്കുക (1)



**(II)** $XYZ$ എന്ന ത്രികോണത്തിലെ അന്തർവൃത്തം $XY$ എന്ന വശത്തെ $T$ എന്ന ബിന്ദുവിൽ തൊടുന്നു.
$XY + XZ - YZ = 2XT$ എന്ന് തെളിയിക്കുക.

(2)





**അല്ലെങ്കിൽ**

**B.** ചിത്രത്തിൽ $O$ കേന്ദ്രമായ വൃത്തത്തിന്റെ സമാന്തരമായ രണ്ടു തൊടുവരകളാണ് $AB$ യും $CD$ യും. $AB$ യിലെ $P$ എന്ന ബിന്ദുവിൽ നിന്നുള്ള തൊടുവര $CD$ യെ $Q$ എന്ന ബിന്ദുവിൽ കൂട്ടിമുട്ടുന്നു.

(i) $OP$ എന്ന വര $\angle APQ$ വിന്റെ സമഭാജിയാണെന്നു തെളിയിക്കുക. (1)

(ii) $\angle POQ = 90^o$ എന്ന് തെളിയിക്കുക. (3)




25. **A**. വശങ്ങളുടെ നീളം 12 സെന്റിമീറ്റർ ആയ ഒരു സമചതുരവും, രണ്ടു വശങ്ങളുടെ നീളം 10 സെന്റിമീറ്റർ ആയ നാലു സമപാർശ്വത്രികോണങ്ങളും ഉപയോഗിച്ച് ഒരു സമചതുരസ്തൂപിക ഉണ്ടാക്കുന്നു. അതിന്റെ വ്യാപ്തം കണക്കാക്കുക. (5)

**അല്ലെങ്കിൽ**

**B.** ആരം 15 സെന്റിമീറ്റർ ആയ വൃത്താകൃതിയിലുള്ള ഒരു ലോഹത്തകിടിൽ നിന്നും കേന്ദ്രകോൺ $216^\circ$ യുള്ള വൃത്താംശം മുറിച്ചെടുത്ത് വളച്ച് ഒരു വൃത്തസ്തൂപിക ഉണ്ടാക്കുന്നു.

(i) വൃത്തസ്തൂപികയുടെ ചരിവുയരം, ആരം, ഉയരം എന്നിവ കണക്കാക്കുക. (3)

(ii) ഈ വൃത്തസ്തൂപികയുടെ വ്യാപ്തം കണക്കാക്കുക. (2)

26. പരിവൃത്ത ആരം 3.5 സെ. മീ രണ്ടുകോണുകൾ $32\frac{1}{2}^o$ യും $40^\circ$ യും ആയ ത്രികോണം വരയ്ക്കുക. (3)

27. പരപ്പളവ് 15 ചതുരശ്ര സെന്റിമീറ്ററുള്ള ഒരു ചതുരം വരയ്ക്കുക. ഇതേ പരപ്പളവുള്ള സമചതുരം വരയ്ക്കുക. (4)

28. 4 സെന്റിമീറ്റർ ആരമുള്ള വൃത്തം വരയ്ക്കുക. കേന്ദ്രത്തിൽ നിന്നും 7 സെന്റിമീറ്റർ അകലെ ഒരു ബിന്ദു അടയാളപ്പെടുത്തുക. ഈ ബിന്ദുവിൽ നിന്ന് വൃത്തത്തിലേക്കുള്ള തൊടുവരകൾ വരയ്ക്കുക. (4)

© State Assessment Cell - SCERT Kerala

# ത്രികോണമിതി അളവുകൾ

| കോൺ | sin | cos | tan |
|---|---|---|---|
| 1 | 0.0175 | 0.9998 | 0.0175 |
| 2 | 0.0349 | 0.9994 | 0.0349 |
| 3 | 0.0523 | 0.9986 | 0.0524 |
| 4 | 0.0698 | 0.9976 | 0.0699 |
| 5 | 0.0872 | 0.9962 | 0.0875 |
| 6 | 0.1045 | 0.9945 | 0.1051 |
| 7 | 0.1219 | 0.9925 | 0.1228 |
| 8 | 0.1392 | 0.9903 | 0.1405 |
| 9 | 0.1564 | 0.9877 | 0.1584 |
| 10 | 0.1736 | 0.9848 | 0.1763 |
| 11 | 0.1908 | 0.9816 | 0.1944 |
| 12 | 0.2079 | 0.9781 | 0.2126 |
| 13 | 0.2250 | 0.9744 | 0.2309 |
| 14 | 0.2419 | 0.9703 | 0.2493 |
| 15 | 0.2588 | 0.9659 | 0.2679 |
| 16 | 0.2756 | 0.9613 | 0.2867 |
| 17 | 0.2924 | 0.9563 | 0.3057 |
| 18 | 0.3090 | 0.9511 | 0.3249 |
| 19 | 0.3256 | 0.9455 | 0.3443 |
| 20 | 0.3420 | 0.9397 | 0.364 |
| 21 | 0.3584 | 0.9336 | 0.3839 |
| 22 | 0.3746 | 0.9272 | 0.404 |
| 23 | 0.3907 | 0.9205 | 0.4245 |
| 24 | 0.4067 | 0.9135 | 0.4452 |
| 25 | 0.4226 | 0.9063 | 0.4663 |
| 26 | 0.4384 | 0.8988 | 0.4877 |
| 27 | 0.4540 | 0.8910 | 0.5095 |
| 28 | 0.4695 | 0.8829 | 0.5317 |
| 29 | 0.4848 | 0.8746 | 0.5543 |
| 30 | 0.5000 | 0.8660 | 0.5774 |
| 31 | 0.5150 | 0.8572 | 0.6009 |
| 32 | 0.5299 | 0.8480 | 0.6249 |
| 33 | 0.5446 | 0.8387 | 0.6494 |
| 34 | 0.5592 | 0.8290 | 0.6745 |
| 35 | 0.5736 | 0.8192 | 0.7002 |
| 36 | 0.5878 | 0.8090 | 0.7265 |
| 37 | 0.6018 | 0.7986 | 0.7536 |
| 38 | 0.6157 | 0.7880 | 0.7813 |
| 39 | 0.6293 | 0.7771 | 0.8098 |
| 40 | 0.6428 | 0.7660 | 0.8391 |
| 41 | 0.6561 | 0.7547 | 0.8693 |
| 42 | 0.6691 | 0.7431 | 0.9004 |
| 43 | 0.6820 | 0.7314 | 0.9325 |
| 44 | 0.6947 | 0.7193 | 0.9657 |
| 45 | 0.7071 | 0.7071 | 1.0000 |

| കോൺ | sin | cos | tan |
|---|---|---|---|
| 46 | 0.7193 | 0.6947 | 1.0355 |
| 47 | 0.7314 | 0.6820 | 1.0724 |
| 48 | 0.7431 | 0.6691 | 1.1106 |
| 49 | 0.7547 | 0.6561 | 1.1504 |
| 50 | 0.7660 | 0.6428 | 1.1918 |
| 51 | 0.7771 | 0.6293 | 1.2349 |
| 52 | 0.7880 | 0.6157 | 1.2799 |
| 53 | 0.7986 | 0.6018 | 1.3270 |
| 54 | 0.8090 | 0.5878 | 1.3764 |
| 55 | 0.8192 | 0.5736 | 1.4281 |
| 56 | 0.8290 | 0.5592 | 1.4826 |
| 57 | 0.8387 | 0.5446 | 1.5399 |
| 58 | 0.8480 | 0.5299 | 1.6003 |
| 59 | 0.8572 | 0.5150 | 1.6643 |
| 60 | 0.8660 | 0.5000 | 1.7321 |
| 61 | 0.8746 | 0.4848 | 1.8040 |
| 62 | 0.8829 | 0.4695 | 1.8807 |
| 63 | 0.8910 | 0.4540 | 1.9626 |
| 64 | 0.8988 | 0.4384 | 2.0503 |
| 65 | 0.9063 | 0.4226 | 2.1445 |
| 66 | 0.9135 | 0.4067 | 2.2460 |
| 67 | 0.9205 | 0.3907 | 2.3559 |
| 68 | 0.9272 | 0.3746 | 2.4751 |
| 69 | 0.9336 | 0.3584 | 2.6051 |
| 70 | 0.9397 | 0.3420 | 2.7475 |
| 71 | 0.9455 | 0.3256 | 2.9042 |
| 72 | 0.9511 | 0.3090 | 3.0777 |
| 73 | 0.9563 | 0.2924 | 3.2709 |
| 74 | 0.9613 | 0.2756 | 3.4874 |
| 75 | 0.9659 | 0.2588 | 3.7321 |
| 76 | 0.9703 | 0.2419 | 4.0108 |
| 77 | 0.9744 | 0.2250 | 4.3315 |
| 78 | 0.9781 | 0.2079 | 4.7046 |
| 79 | 0.9816 | 0.1908 | 5.1446 |
| 80 | 0.9848 | 0.1736 | 5.6713 |
| 81 | 0.9877 | 0.1564 | 6.3138 |
| 82 | 0.9903 | 0.1392 | 7.1154 |
| 83 | 0.9925 | 0.1219 | 8.1443 |
| 84 | 0.9945 | 0.1045 | 9.5144 |
| 85 | 0.9962 | 0.0872 | 11.4301 |
| 86 | 0.9976 | 0.0698 | 14.3007 |
| 87 | 0.9986 | 0.0523 | 19.0811 |
| 88 | 0.9994 | 0.0349 | 28.6363 |
| 89 | 0.9998 | 0.0175 | 57.2900 |

© State Assessment Cell - SCERT Kerala